# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1527

15-02-2016- ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | | ശ്രീ. മഞ്ഞളാംകുഴി അലി [നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി] |
| (എ) | പൊന്നാനി മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്ന് എന്തെല്ലാം കാര്യങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളായ വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി, കരിയർ ഗൈഡൻസ് പദ്ധതി, എന്നിവ ജില്ലാ തലത്തിൽ അതത് ജില്ലകളിലെ ജില്ലാ കളക്ടർമാർക്ക് നിർവ്വഹണ ചുമതല നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. |
| (ബി) | ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതിയും അനുവദിച്ച തുകയും വിശദമാക്കുമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കേന്ദ്രസർക്കാറിന്റെ ന്യൂനപക്ഷമേഖലകളിലേക്കുള്ള പദ്ധതികൾ പൊന്നാനി മണ്ഡലത്തിലേക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്തു തുക അനുവദിച്ചു; അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ് എന്നറിയിക്കുമോ? | (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി പൊന്നാനി ടൗണിനെ ന്യൂനപക്ഷ കേന്ദ്രീകൃത ടൗണായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം 12-ാം പദ്ധതിയിൽ അംഗീകരിച്ചതനുസരിച്ച് ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ 4 സ്കൂളുകളിലായി (ഗവ. ഹൈസ്കൂൾ തൃക്കാവ്, ഗവ.ഫിഷറീസ് സ്കൂൾ കടവനാട്, ഗവ. ലോവർ പ്രൈമറി സ്കൂൾ, വെള്ളേരി, ഗവ. ലോവർ പ്രൈമറി സ്കൂൾ, തെയ്യങ്ങാട്) അധിക ക്ലാസ് മുറികളുടെ നിർമ്മാണത്തിനു വേണ്ടി 249.98 ലക്ഷം രൂപയുടെ അടങ്കൽ പദ്ധതി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം അംഗീകരിക്കുകയും ആദ്യ ഗഡുവായി 124.99 ലക്ഷം രൂപ കേന്ദ്ര സംസ്ഥാന വിഹിതമായി അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തീകരിച്ച് വരികയുമാണ്. കൂടാതെ മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ ഉൾപ്പെടെയുള്ള സർക്കാർ സ്കൂളുകളിൽ ന്യൂനപക്ഷ മതവിഭാഗത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 9-ാം ക്ലാസിൽ പഠിക്കുന്ന ബി.പി.എൽ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന വിഹിതമായി 2,57,781/-രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2013-14 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയ്ക്ക് ആകെ അനുവദിച്ച 204 വീടുകൾക്ക് 408 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ ടി ജില്ലയ്ക്ക് ആകെ അനുവദിച്ച 130 വീടുകൾക്ക് 260 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷത്തിൽ ടി ജില്ലയ്ക്ക് ആകെ അനുവദിച്ച 500 ലക്ഷം രൂപയും പദ്ധതി നിർവ്വഹണത്തിനായി ബന്ധപ്പെട്ട ജില്ലാകളക്ടർക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെ പ്രയോജനം പൊന്നാനി മണ്ഡലത്തിനും ലഭിച്ചിട്ടുണ്ട്. മാത്രമല്ല വിദ്യാർത്ഥികളുടെ അഭിരുചികൾക്കനുസരിച്ച് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും ഭാവിയിൽ ഉചിതമായ ഉപരിപഠന മേഖലകൾ കണ്ടെത്തുന്നതിനും മലപ്പുറം ജില്ല കേന്ദ്രീകരിച്ച് നടത്തിയ കരിയർ ഗൈഡൻസ് ക്ലാസ്സുകൾക്ക് 2013-14 സാമ്പത്തിക വർഷത്തിൽ 2.25 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 4.50 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷത്തിൽ 12.80 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ എയിഡഡ് സ്ക്കൂളുകളിൽ സ്മാർട്ട് /വിർച്ചൽ ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിന്റെ ഭാഗമായി പൊന്നാനി മണ്ഡലത്തിൽ നിന്നും അപേക്ഷ സമർപ്പിച്ചിട്ടുള്ള ഏക സ്ക്കൂളായ പൊന്നാനി എം.ഇ.എസ്. സ്ക്കൂളിനെ തെരഞ്ഞെടുത്തിട്ടുള്ളതും ഇതിലേയ്ക്കായി ടി സ്ക്കൂളിന് അനുവദിച്ച 5 ലക്ഷം രൂപയിൽ കരാർ ഉടമ്പടി പ്രകാരം 50% തുകയായ 2.5 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ എം. എസ്.ഡി.പി. പദ്ധതിയുടെ ഭാഗമായി പൊന്നാനി ടൗണിൽ ബേസ്-ലൈൻ സർവ്വേ സംഘടിപ്പിക്കുന്നതിന് 3.5 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും അതിൽ 1,08,785 രൂപയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ